LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം തുറമുഖ പദ്ധതി

110 (2929) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ടെണ്ടർ വിളിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ അടക്കം തുറമുഖം വികസിപ്പിക്കുന്നതിന് കണക്കാക്കപ്പെട്ട മൊത്തം തുക എത്ര ;

(ബി) പദ്ധതി നടത്തിപ്പിന്റെ ഘട്ടത്തിലുണ്ടായ നിരക്ക് വർദ്ധന സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) പദ്ധതിയുടെ മൊത്തത്തിലുള്ള നിയന്ത്രണം ആർക്കായിരിക്കും ;

(ഡി) സർക്കാരും അദാനിയും പദ്ധതിക്ക് ആവശ്യമായ തുക മുതൽ മുടക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ; എത്ര മാസങ്ങൾ കൊണ്ട് പദ്ധതി പൂർത്തീകരിക്കാമെന്നാണ് കരുതുന്നത് ; പദ്ധതി നിർവ്വഹണ ഘട്ടത്തിലുണ്ടാകുന്ന നിരക്ക് വർദ്ധന സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടിലെ വ്യവസ്ഥകൾ വിശദമാക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടർ രേഖകൾ പ്രകാരം തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ കണക്കാക്കിയിട്ടുള്ള തുക 1973 കോടി രൂപയാണ്. ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുകകൂടി കണക്കിലെടുത്താൽ മൊത്തം പദ്ധതി ചെലവ് 7525 കോടി രൂപയാണ്.

(ബി) നടത്തിപ്പു ഘട്ടത്തിൽ നിരക്കുവർദ്ധനമൂലമുണ്ടാകുന്ന അധിക ചെലവുകൾ പൂർണ്ണമായും സ്വകാര്യ കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

(സി) ലൈസൻസും ലാന്റ് ലോർഡും എന്ന നിലയിൽ പദ്ധതിയുടെ മൊത്തത്തിലുള്ള നിയന്ത്രണം സംസ്ഥാന സർക്കാരിനാണ്. DBFOT മാതൃകയിൽ പദ്ധതിയുടെ നിർമ്മാണവും നടത്തിപ്പുമാണ് കൺസഷണയറുടെ ചുമതല.

(ഡി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ ഇറമുഖത്തിനു മാത്രമായുള്ള ആകെ ഇക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്‌വാട്ടറിന്റെ ഇകയുമാണ്. പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ 30% സഹായധനം 1227 കോടി രൂപ "Equity Support"- ആയി നിർമ്മാണ ഘട്ടത്തിലും, 408 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകും. നിർമ്മാണ കാലയളവിൽ സർക്കാർ നിക്ഷേപമായ 2690 കോടി രൂപയിൽ കേന്ദ്രസർക്കാർ വിഹിതം 818 കോടി രൂപയാണ്. സംസ്ഥാന സർക്കാർ വിഹിതം നിർമ്മാണ കാലയളവിൽ 1872 കോടി രൂപയാണ്. ഇതിൽ ഏതാണ്ട് 80 കോടി രൂപ ചെലവുള്ള മത്സ്യബന്ധന ഇറമുഖവും ഏതാണ്ട് 100 കോടി രൂപ ചെലവുള്ള റോഡ് കണക്ടിവിറ്റിയും ഉൾപ്പെടും.

മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ കണക്കാക്കിയിട്ടുള്ള ഇക 1973 കോടി രൂപയാണ്. നാലുവർഷങ്ങൾ കൊണ്ട് പദ്ധതിയുടെ നിർമ്മാണം സ്വകാര്യ പങ്കാളി പൂർത്തീകരിക്കണമെന്നാണ് കരാർ വ്യവസ്ഥ ചെയ്യുന്നത്.

നിർവ്വഹണ ഘട്ടത്തിൽ നിരക്കുവർദ്ധനമൂലമുണ്ടാകുന്ന അധിക ചെലവുകൾ പൂർണ്ണമായും കൺസഷണയറുടെ (സ്വകാര്യ പങ്കാളി) ബാധ്യതയാണ്. നിർവ്വഹണ ഘട്ടത്തിന് മുമ്പായി "Bid Due Date"-നും "Appointed Date" നും ഇടയിലുള്ള ചെറിയ കാലയളവിൽ ഉണ്ടാവുന്ന മൊത്ത വില സൂചികയിലെ വ്യതിയാനത്തിന് അനുപാതമായി ഫണ്ടഡ് വർക്കിന്റെ ഇകയിൽ ഉണ്ടാകുന്ന വർദ്ധനവ് മാത്രം സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണ്.

കൺസഷൻ കരാർ പ്രകാരം Appointed Date എന്നാൽ കൺസഷണയർ വായ്പാ കരാർ ഒപ്പുവയ്ക്കുകയും (Financial clause) പൂർവ്വഗാമിയായ എല്ലാ വ്യവസ്ഥകളും (Conditions Precedent) പാലിക്കുകയും ചെയ്യുന്ന ദിവസം. ഇതിനു കരാർ പ്രകാരം കരാർ ഒപ്പുവയ്ക്കുന്നതിൽ നിന്ന് ഒമ്പതുമാസമാണ് പരമാവധി അനുവദനീയമായ കാലാവധി.

അങ്ങനെ നിരക്കു വർദ്ധനവുമൂലമുള്ള എല്ലാ അധിക ചെലവുകളും പദ്ധതിയുടെ തുടക്കത്തിൽത്തന്നെ നിജപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly